(ബി) എങ്കിൽ ഈ കേസിന്റെ അന്വേഷണസമയത്ത് മണിച്ചൻ ആർക്കെല്ലാം മാസപ്പടി കൊടുത്തതായി കണ്ടെത്തി ;

(സി) മണിച്ചൻ ആർക്കെല്ലാം വാഹനങ്ങൾ പാരിതോഷികം നൽകിയിട്ടുണ്ടെന്ന് വിജിലൻസ് ആന്റ് ആന്റി-കറപ്ഷൻ ബ്യൂറോയ്ക്ക് വിവരം കിട്ടിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ ;

(ഡി) എങ്കിൽ മണിച്ചൻ ആർക്കെല്ലാം വാഹനങ്ങൾ പാരിതോഷികം നൽകിയിട്ടുണ്ടെന്ന് പറയുമോ ?

ഉത്തരം

(എ&ബി) വിജിലൻസ് അന്വേഷണത്തിൽ പ്രഥമദൃഷ്ട്യാ തെളിവുകൾ ലഭിച്ച ഉദ്യോഗസ്ഥന്മാരുടേയും അബ്കാരി കരാറുകാരൻ ശ്രീ. എസ്. ചന്ദ്രൻ (മണിച്ചൻ) ഉൾപ്പെടെയുള്ള ചില അബ്കാരി കരാറുകാരുടേയും പേരിൽ ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തു അന്വേഷണം നടത്തിവരുന്നു.

(സി&ഡി) അന്വേഷണത്തിൽ ഇതുവരെ ഇത്തരം ഒരു കാര്യം സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി-കറപ്ഷൻ ബ്യൂറോയ്ക്ക് വിവരം ലഭിച്ചിട്ടില്ല. അത്തരം ഒരു പരാതിയും ലഭിച്ചിട്ടില്ല.

അഴിമതി തുടച്ചുനീക്കാൻ നടപടി

168 (170) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭരണരംഗത്തു നിന്ന് അഴിമതി തുടച്ചു നീക്കാൻ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) വിജിലൻസ് ആന്റ് ആന്റി-കറപ്ഷൻ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(സി) അഴിമതികേസുകളിൽ വിചാരണ നേരിടുന്ന മുൻ മന്ത്രിമാർ ആരെല്ലാം ;

(ഡി) ഏതെല്ലാം മുൻ മന്ത്രിമാർക്കെതിരെ വിജിലൻസ് അന്വേഷണം പൂർത്തിയാക്കാനുണ്ട് ;

(ഇ) ഏതെല്ലാം ഐ.എ.എസ്/ഐ.പി.എസ്. ഉദ്യോഗസ്ഥന്മാർക്കെതിരെ വിജിലൻസ് കേസുകൾ നിലവിലുണ്ട് ;

(എഫ്) മൂന്നു കൊല്ലത്തിലധികം പഴക്കമുള്ള എത്ര വിജിലൻസ് കേസുകൾ അന്വേഷണം പൂർത്തിയാകാതെ ഇപ്പോഴും അവശേഷിക്കുന്നു ;

(ജി) വിജിലൻസ് കേസ് നിലവിലുള്ള ഏതെങ്കിലും ഐ.എ.എസ്/ഐ.പി.എസ്. ഉദ്യോഗസ്ഥന്മാർക്ക് കമ്മീഷനുകളിലേയ്ക്കോ സ്ഥാപനങ്ങളിലേയ്ക്കോ പുനർ നിയമനം നൽകിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭരണ രംഗത്തുനിന്നും അഴിമതി തുടച്ചു നീക്കുന്നതിന്റെ ഭാഗമായി 15-11-1998 മുതൽ കേരള ലോകായുക്ത നിയമം നടപ്പിൽ വരുത്തി ലോകായുക്തയുടേയും 2 ഉപലോകായുക്തയുടേയും നേതൃത്വത്തിൽ നിയമം നടപ്പിലാക്കുവാനുള്ള സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. പൊതു പ്രവർത്തകരെയും, സർക്കാർ ജീവനക്കാരേയും ലോകായുക്തിന്റെ പരിധിയിൽകൊണ്ടുവന്നു. അഴിമതി നിർമ്മാർജനത്തിന്റെ ഭാഗമായി സംസ്ഥാന വിജിലൻസ് വകുപ്പിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് നടപടികൾ ആരംഭിച്ചു. വകുപ്പിന്റെ പ്രവർത്തനത്തെക്കുറിച്ച് പഠിക്കുന്നതിനും പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ഒരു ഉന്നത തല സമിതിയെ നിയോഗിച്ചു. പ്രസ്തുത സമിതിയുടെ ശുപാർശ പ്രകാരം കോട്ടയം, എറണാകുളം ജില്ലകൾ ആസ്ഥാനമായി രണ്ട് പുതിയ എസ്.പി. ഓഫീസുകൾ അനുവദിക്കുകയും കൂടുതൽ അന്വേഷണ ഉദ്യോഗസ്ഥരെ നിയമിക്കുകയും പുതിയ വാഹനങ്ങൾ വാങ്ങുകയും പുതിയ കമ്പ്യൂട്ടറുകൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. കൈക്കൂലിക്കെതിരെ ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുവേണ്ടി "കൈക്കൂലി ആവശ്യപ്പെടുന്നതും വാങ്ങുന്നതും കുറ്റകരമാണ്. അത്തരം സംഭവങ്ങൾ വിജിലൻസ് ആന്റ് ആന്റി-കറപ്ഷൻ ബ്യൂറോയിൽ അറിയിക്കുക". എന്നെഴുതിയ ബോർഡുകൾ എല്ലാ ഗവൺമെന്റ് ഓഫീസുകളിലും സ്ഥാപിക്കുന്നതിന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഓഫീസുകളിലെ ജീവനക്കാർ യഥാസമയം ഓഫീസുകളിൽ ഹാജരാകുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് ബ്യൂറോയിലെ അന്വേഷണ ഉദ്യോഗസ്ഥർ സർക്കാർ ഓഫീസുകളിൽ മിന്നൽ പരിശോധന നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ അനന്തര നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നു. വകുപ്പിലെ വിജിലൻസ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വകുപ്പുതല വിജിലൻസ് സെല്ലുകൾ രൂപീകരിക്കുകയും. അതതു വകുപ്പുകളിലെ ഉയർന്ന ഉദ്യോഗസ്ഥന്മാരെ വിജിലൻസ് ആഫീസർമാരായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഈ നടപടികളുടെ ഫലമായി കെട്ടിക്കിടന്ന ധാരാളം കേസുകളിൽ അന്വേഷണം പൂർത്തിയാക്കുവാൻ സാധിച്ചിട്ടുണ്ട്.

(സി) 1982-87 കാലയളവിൽ കർണ്ണാടകയിലെ ഗ്രാഫൈറ്റ് ഇന്ത്യാ ലിമിറ്റഡിന് വൈദ്യുതി നൽകിയതിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട കേസിൽ രണ്ടാമത്തെ കുറ്റപത്രമനുസരിച്ചുള്ള സി.സി. 2/99-ാം നമ്പർ കേസിൽ മുൻ വൈദ്യുതിമന്ത്രി ശ്രീ. ആർ. ബാലകൃഷ്ണപിള്ള വിചാരണ നേരിടുന്നു. കുരിയാർകുറ്റി കാരപ്പാറ പദ്ധതിയിലും മൂവാറ്റുപുഴ വാലി പദ്ധതിയിലും, നടന്ന ക്രമക്കേടുകളുമായി ബന്ധപ്പെട്ട മുൻ മന്ത്രി ശ്രീ. ടി.എം. ജേക്കബ് പ്രതിയാണ്. എക്സൈസ് ഗാർഡ് നിയമനത്തിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് മുൻ മന്ത്രി ശ്രീ. രഘുചന്ദ്രബാലും കേസിൽ പ്രതിയാണ്. ബ്രഹ്മപുരം താപനിലയവുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ സംബന്ധിച്ച കേസിൽ മുൻ മന്ത്രി പത്മരാജനും പ്രതിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മുൻ മുഖ്യമന്ത്രി ശ്രീ.കെ. കരുണാകരൻ, മുൻ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി ശ്രീ. ടി. എച്ച്. മുസ്തഫ, മുൻ ജലസേചന വകുപ്പുമന്ത്രി ശ്രീ. ടി. എം. ജേക്കബ്, മുൻ എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എം. ആർ. രഘുചന്ദ്രബാൽ, മുൻ വൈദ്യുതി മന്ത്രി ശ്രീ. സി. വി. പത്മരാജൻ എന്നിവർക്കെതിരെ വിജിലൻസ് കേസുകൾ നിലവിലുണ്ട്.

(ഇ) താഴെപ്പറയുന്ന ഐ.എ.എസ്./ഐ.പി.എസ്. ഉദ്യോഗസ്ഥന്മാർക്കെതിരെ വിജിലൻസ് കേസുകൾ നിലവിലുണ്ട്.

1. ശ്രീ. ജെ. സുധാകരൻ ഐ.എ.എസ്.
2. ശ്രീ. പി. കെ. മൊഹന്തി ഐ.എ.എസ്.
3. ശ്രീ. റ്റി. ജി. രാജേന്ദ്രൻ ഐ.എ.എസ്.
4. ശ്രീ. പി. സി. സനൽകുമാർ ഐ.എ.എസ്.
5. ശ്രീ. എസ്. പത്മകുമാർ ഐ.എ.എസ്. (റിട്ടയേർഡ്)
6. ശ്രീ. വി. സോമസുന്ദരം ഐ.എ.എസ്.
7. ശ്രീ. വി. ആർ. പത്മനാഭൻ ഐ.എ.എസ്.
8. ശ്രീ. കെ. സുരേഷ്കുമാർ ഐ.എ.എസ്.
9. ശ്രീ. സക്കറിയ മാത്യു ഐ.എ.എസ്. (റിട്ടയേർഡ്)
10. ശ്രീ. എൻ. വി. മാധവൻ ഐ.എ.എസ്.
11. ശ്രീ. എം. ആർ. വിശ്വനാഥൻ നായർ ഐ.എ.എസ്. (റിട്ടയേർഡ്)
12. ശ്രീ. ജി. ഗോപാലകൃഷ്ണപിള്ള ഐ.എ.എസ്. (റിട്ടയേർഡ്)
13. ശ്രീ. ആർ. രാമചന്ദ്രൻ നായർ ഐ.എ.എസ്. (റിട്ടയേർഡ്)
14. ശ്രീ. പി. ജെ. തോമസ് ഐ.എ.എസ്.
15. ശ്രീ. ജിജി തോംസൺ ഐ.എ.എസ്.
16. ശ്രീ. പി. കെ. ലംബോധരൻ നായർ ഐ.പി.എസ്. (റിട്ടയേർഡ്)
17. ശ്രീ. സക്കറിയ സെബാസ്റ്റ്യൻ ഐ.പി.എസ്.

(എഫ്) 87 കേസുകൾ അവശേഷിക്കുന്നു.

(ജി) ഇല്ല.

ഫയർ സ്റ്റേഷൻ സ്ഥാപിക്കാനുള്ള നടപടി

169 (171) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കൊയിലാണ്ടി താലൂക്ക് കേന്ദ്രമായ കൊയിലാണ്ടി മുനിസിപ്പാലിറ്റിയിൽ ഫയർസ്റ്റേഷൻ സ്ഥാപിക്കുന്നുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുമോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly